# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മുദ്രാവാക്യം ഒരു ഗവർമെന്റ് തന്നെ മുഖ്യ അജണ്ടയായി മുന്നോട്ടു വച്ചിരിക്കുന്ന പ്രതീക്ഷാ നിർഭരമായ ഒരു കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്.സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നത് ഇതിന്റെ ലക്ഷ്യമായി ഗവർമെന്റ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

1980 കൾക്ക് ശേഷം പോതുവിദ്യാലയങ്ങൾക്ക് സമാന്തരമായി വളർന്നു വന്ന അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പൊതു വിദ്യാലയങ്ങൾക്ക് ഭീഷണിയാവുകയും പല പ്രദേശങ്ങളിലും പൊതു വിദ്യാലയങ്ങളെ അടച്ചുപൂട്ടലിന്റെ വക്കിലെത്തിക്കുകയും ചെയ്തു.പൊതു വിദ്യാലയങ്ങളിലെ ഭൌദികവും അക്കാദമികവുമായ കുറവുകൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് ഇത്തരം സ്ഥാപനങ്ങള് കേരളത്തില് പടർന്നു പന്തലിച്ചത്.

പുതിയ ഒരു ഉയർത്തെഴുന്നേൽപിനു നമ്മുടെ പൊതുവിദ്യാലയങ്ങള് തയ്യാറെടുക്കുകയാണ്.ജനാധിപത്യത്തിലും മതേതരത്വത്തിലും അടിയുറച്ചു നിന്നുകൊണ്ട് നമ്മുടെ പൊതു ഇടങ്ങളെ സംരക്ഷിക്കാനുള്ള ഉറച്ച കാൽവെയ്പുകൂടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.മികച്ച ഭൌതിക സൗകര്യങ്ങൾ ഒരുക്കി മികച്ച അക്കാദമിക പ്രവർത്തനങ്ങളിലൂടെ ലോകോത്തര നിലവാരത്തിലേക്ക് പോതുവിദ്യാലയങ്ങള് ചുവടുവെക്കുന്ന പുതിയ കാലഘട്ടത്തില് നമ്മുടെ വിദ്യാലയത്തെയും മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള തീവ്രമായ ശ്രമങ്ങള് അതിവേഗം ആരംഭിക്കേണ്ടതുണ്ട്.പൊതുസമൂഹത്തിന്റെ ഉറച്ച പിന്തുണയോടുകൂടി മാത്രമേ ഈ ലക്ഷ്യത്തിലെത്താന് നമുക്കാകൂ.ഇതിന്റെ ഭാഗമായി അടുത്ത അഞ്ചു വർഷത്തിനകം നമ്മുടെ വിദ്യാലയത്തില് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് വിദ്യാലയ വികസന സമിതി രൂപം നൽകിയിട്ടുണ്ട്.ഈ വികസന പ്രവർത്തനങ്ങൾക്ക് നാടിന്റെ മുഴുവൻ പിന്തുണയും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

Scanned by CamScanner

# വിദ്യാലയ ചരിത്രം

വടക്കുംകര ഗവർമെന്റ് യു.പി സ്കൂൾ എന്നറിയപ്പെടുന്ന നമ്മുടെ സ്കൂള് മുൻകാല റിപ്പോർട്ട് പ്രകാരം 13[illegible] പ്രവർത്തനമാരംഭിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.സ്കൂളിനടുത്തുള്ള സെന്റ് ഫെറോന ചർച്ചുമായി ബന്ധപ്പെ[illegible] സ്കൂൾ സ്ഥാപിക്കപ്പെട്ടത്.ഇന്ന് സ്കൂള് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് അരക്കിലോമീറ്റര് കിഴക്കുമാറി തിതായ [illegible] ലോനപ്പൻ ഇന്ന താമസിക്കുന്ന സ്ഥലത്ത് സ്കൂള് ആരംഭിച്ചു.പിന്നീട് 10 വർഷത്തിനു ശേഷം പള്ളിയുമായി ബന്ധപ്പെ[illegible] മുൻകൈ എടുത്താണ് ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത്.സ്കൂളിന്റെ തുടക്കത്തില് ചെറുപറ[illegible] പത്മനാഭ മേനോൻ ആയിരുന്ന ഹെഡ്മാസ്റ്റർ.അന്ന് രണ്ടു കെട്ടിടങ്ങൾ ഉണ്ടായിരുന്നെങ്കില് വടക്ക് ഭാഗത്ത് ഓടും മ[illegible] കെട്ടിടം ഓല ഷഡുമായിരുന്നു.രാമൻ മേനോൻ,ഉണ്ണിപ്പറംബത്ത് ഗോപാല മേനോൻ ,കൊടകര രാമൻ മേനോൻ,പരിയാ[illegible] ഗോപാല മേനോൻ എന്നിവരായിരുന്നു ആദ്യ കാല അദ്യാപകർ.

സ്കൂളിന്റെ പ്രാരംഭ കാലം മുതല് ജാതിമത വ്യത്യാസം കൂടാതെ എവർക്കും ഒരുമിച്ചിരുന്നു പഠിക്കാനുള്ള അവസ[illegible] ഉണ്ടായിരുന്നു.നാലാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സും രണ്ടെണ്ണം വീതവും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേ[illegible] ക്ലാസ്സുകളും ഉണ്ടായിരുന്നു. ഒരു ഭാഗത്തെ കെട്ടിടത്തിനു മൺചുമരും മേൽകൂര ഓലയും മറ്റൊരു കെട്ടിടത്തിന്റെ ചുമ[illegible] കല്ലും മേൽകൂര ഓടും തറ ഓടു പതിച്ചതുമായിരുന്നു.അധികം വൈകാതെ പുതിയ കെട്ടിടം നിർമ്മിച്ചു.കുഞ്ഞിമുഹമ്മ[illegible] മാഷ്, മൂപ്പന് മാഷ്, മക്കാർ മാഷ്, രാജൻ മേനോന് മാഷ് എന്നീ അധ്യാപകരും മംഗലത്ത് പറമ്പിൽ തോമസ് , ചെട്ടിയാട്ടി[illegible] കൃഷ്ണൻ എന്നിവരും ചേർന്ന നട്ട മാവ് ഇന്നും സ്കൂളിന്റെ മുറ്റത്തുണ്ട്.

കൊല്ലവർഷം 1108(1933)ലെ രജിസ്റ്റർ പ്രകാരം സ്കൂളിന്റെ പേര് സർക്കാര് മലയാളം സ്കൂള് എന്നായിരുന്നു.1952 ലെ രാജിസ്റ്റര് പ്രകാരം സ്കൂളിന്റെ പേര് ഗവ.പ്രൈമറി സ്കൂൾ വടക്കുംകര എന്നാക്കി മാറ്റിയതായി കാണാം.1954 ആഗസ്റ്റ് മാസം മുതല് സ്കൂളിന്റെ പേര് ജെ.ബി.എസ് വടക്കുംകര എന്ന് മാറ്റിയിരുന്നു.അക്കാലത്താണ് നെയ്ത്തുശാല എന്നറിയപ്പെടുന്ന ഹാൾ സ്കൂളില് നിർമ്മിച്ചത്.തൊഴിലധിഷ്ഠിത വിധ്യാഭ്യാസത്തിന്റെ ഭാഗമായി ഇവിടെ തക്ളിയിൽ നൂല് നൂല്കുന്ന വിധം പഠിപ്പിച്ചിരുന്നു.അന്ന് പാട്ട്,ചിത്രരചന,തയ്യൽ എന്നിവ പഠിപ്പിക്കുന്നതിന് പ്രത്യേകം അധ്യാപകരെയും സ്കൂളിൽ നിയമിച്ചിരുന്നു.

Scanned by CamScanner

സ്കൂളിന്റെ ആരംഭ കാലത്ത് സ്കൂളില് വേണ്ടത്ര വിധ്യാര്തികള് ഇല്ലായിരുന്നെങ്കിലും ഓരോ വര്ഷം കഴിയും തോറും കൂടുതൽ വിദ്യാർത്ഥികള് സ്കൂളില് ചേരാന് തുടങ്ങിയിരുന്നു.ഇക്കാലത്താണ് സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിന്നിരുന്നത്.നാലാം ക്ലാസ് പഠനത്തിനു ശേഷം നാലരക്ലാസ്സും,മലയാളം അഞ്ചാം ക്ലാസ്സും ഇവിടെ ഉണ്ടായിരുന്നു.ഈ സന്ദർഭത്തില് അടുത്തുള്ള സെന്റ് മേരിസ് ഫെറോന പള്ളിയോടനുബന്ധിച്ച് ആറാം ക്ലാസ്സ് മുതല് ഹൈസ്കൂൾ ആരംഭിച്ചു.

നമ്മുടെ സ്കൂൾ 1990 ല് യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ട 2000 ജൂണ് മാസത്തില് കാലപ്പഴക്കം മൂലം കെട്ടിടം തകർന്നു വീണപ്പോള് ജില്ലാപഞ്ചായത്ത് അനുവദിച്ച 5 ലക്ഷം രൂപ ഉപയോഗിച്ച് സ്കൂളിന്റെ മേൽക്കൂര പുനർനിർമ്മിക്കുകയുണ്ടായി .

സ്കൂൾ ആരംഭിച്ച കാലത്തെ സാമൂഹ്യ സാഹചര്യങ്ങള് ഇന്നത്തേതില് നിന്ന് തികച്ചും ഭിന്നമായിരുന്നു.അന്ന് കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് ജീവിതം നയിച്ചവരായിരുന്നു ഭൂരിപക്ഷം ജനങ്ങളും.5 കിലോമീടര് ചുറ്റളവില് മട് വിദ്യാഭ്യാസ സൌകര്യങ്ങൾ ഒന്നും തന്നെ ഇവിടെ ഉണ്ടായിരുന്നില്ല.അതിനാൽ മുഴുവന് കുട്ടികളും വിദ്യാഭ്യാസത്തിനായി ഈ സ്കൂളിനെ മാത്രമാണ് ആശ്രയിച്ചിരുന്നത്.1930-50 കാലഘട്ടങ്ങളില് എണ്ണൂറ് വിധ്യാര്ത്തികള് ഇവിടെ പഠിച്ചിരുന്നു.എന്നാൽ 1970 നോടടുത്തപ്പോള് വിധ്യാര്തികളുടെ എണ്ണത്തില് പ്രകടമായ കുറവ് സംഭവിച്ചു.അടുത്ത പ്രദേശങ്ങളിൽ കൂടുതല് വിദ്യാലയങ്ങള് ഉയർന്നു വന്നതും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടതും കാരണം കുട്ടികൾക്ക് കൂടുതല് മെച്ചപ്പെട്ട ഭൌതിക സൌകര്യങ്ങളുള്ള വിദ്യാലയങ്ങളില് പഠിക്കാന് സാധ്യമായി.ഇതിനെ അതിജീവിക്കാൻ തക്കതായ ഭൌതികമായ പുരോഗതി കൈവരിക്കാന് വടക്കുംകര സ്കൂളിനായില്ല.സമൂഹമാഗ്രഹിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങള് കൊണ്ടുവരാന് സ്കൂളിനു കഴിഞ്ഞില്ല എന്നത് ഇന്നത്തെ അവസ്ഥക്ക് ഒരു പരിധി വരെ കാരണമായി.

Scanned by CamScanner

വിദ്യാഭ്യാസ മേഖലയിലേക്ക് അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുവരവും, ഇംഗ്ലീഷ് വിദ്യാഭ്യാസം എല്ലാം ഉയർച്ചക്കുമുള്ള ഒറ്റമൂലിയാണെന്നുള്ള ധാരണകളും ഘട്ടംഘട്ടമായി സമൂഹത്തെ അങ്ങോട്ടടുപ്പിച്ചു. സമൂഹത്തിന്റെ പൊതുചിന്താധാരണയ്ക്കനുസരിച്ച് പൊതുവിദ്യാലയങ്ങളെ നവീകരിക്കാനും നയിക്കാനും കഴിയാതെ പോയതിന്റെ ഫലമായി പൊതുവിദ്യാലയങ്ങൾ തകർച്ചയെ നേരിടേണ്ടിവന്നു.

1975 കാലഘട്ടത്തിൽ ആരംഭിച്ച വിദ്യാജ്യോതി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, ഹോളിക്രോസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ എന്നിവ നിലവിൽ വന്നതോടെ വടക്കുംകര സ്കൂളിലേക്കുള്ള കുട്ടികളുടെ അഡ്മിഷൻ കുറയുകയും കാലക്രമേണ കുട്ടികളുടെ എണ്ണം നാമമാത്രമായി തീരുകയും ചെയ്തു. തുടർന്ന് വന്ന ഭുവനേശ്വരി വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂളും സ്കൂളിലേക്കുള്ള കുട്ടികളുടെ എണ്ണം കുറയാൻ ഇടയാക്കി.

കേരളസംസ്ഥാന ഗവർമെന്റിന്റെ ആഭിമുഖ്യത്തിൽ പൊതുവിദ്യഭ്യാസസംരക്ഷണയജ്ഞം ആരംഭിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തെ ഭൗതികവും അക്കാഡമികവുമായ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കേണ്ടതുണ്ട്. പൂമംഗലം ഗ്രാമപഞ്ചായത്തിലെ ഏക ഗവർമെന്റ് വിദ്യാലയമായ വടക്കുംകര ഗവ. യു.പി. സ്കൂളിനെ വരുന്ന അഞ്ച് വർഷത്തിനകം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് പൊതുസമൂഹത്തിന്റെ മുഴുവൻ പിൻതുണയും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

Scanned by CamScanner

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Thrissur | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | G U P S VADAKKUMKARA |
| 2 | വിലാസം | KALPARAMBA |
| 3 | ഫോൺ നമ്പർ | 04802867100 |
| 4 | ഇ-മെയിൽ വിലാസം | gupsvadakumkara@gmail.com |
| 5 | സ്കൂൾ കോഡ് | 23352 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 1 അവസാനം: 7 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര ് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Irinjalakuda |
| 11 | വിദ്യാഭ്യാസ ജില്ല | Irinjalakuda |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1909 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Irinjalakuda |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Thrissur |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Vellangallur |
| 17 | താലൂക്ക് | Mukundapuram |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Poomangalam |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

2025-2026

| ആറാം അദ്ധ്യയനദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | |
| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
| | | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ |
| **1** | 1 | 10 | 9 | 19 | 5 | 4 | 9 | 0 | 0 | 0 | 1 | 0 | 1 | 1 | 1 | 2 | 3 | 4 | 7 | 0 | 0 | 0 | 3 | 1 | 4 | 7 | 8 | 15 |
| **2** | 1 | 5 | 11 | 16 | 1 | 3 | 4 | 0 | 0 | 0 | 0 | 0 | 0 | 1 | 4 | 5 | 3 | 4 | 7 | 0 | 0 | 0 | 0 | 4 | 4 | 5 | 7 | 12 |
| **3** | 1 | 7 | 8 | 15 | 2 | 1 | 3 | 0 | 0 | 0 | 1 | 0 | 1 | 1 | 1 | 2 | 2 | 6 | 8 | 1 | 0 | 1 | 2 | 2 | 4 | 5 | 6 | 11 |
| **4** | 1 | 11 | 14 | 25 | 5 | 4 | 9 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 4 | 5 | 5 | 10 | 1 | 1 | 2 | 6 | 7 | 13 | 5 | 7 | 12 |
| **5** | 1 | 11 | 19 | 30 | 6 | 3 | 9 | 0 | 0 | 0 | 0 | 1 | 1 | 1 | 8 | 9 | 3 | 6 | 9 | 1 | 1 | 2 | 3 | 8 | 11 | 8 | 11 | 19 |
| **6** | 1 | 12 | 9 | 21 | 3 | 2 | 5 | 0 | 0 | 0 | 0 | 0 | 0 | 4 | 2 | 6 | 5 | 4 | 9 | 0 | 1 | 1 | 7 | 1 | 8 | 5 | 8 | 13 |
| **7** | 1 | 11 | 12 | 23 | 4 | 4 | 8 | 0 | 0 | 0 | 0 | 0 | 0 | 2 | 1 | 3 | 4 | 6 | 10 | 1 | 1 | 2 | 5 | 7 | 12 | 6 | 5 | 11 |
| ആകെ | | 67 | 82 | **149** | 26 | 21 | 47 | 0 | 0 | 0 | 2 | 1 | 3 | 10 | 21 | 31 | 25 | 35 | 60 | 4 | 4 | 8 | 26 | 30 | 56 | 41 | 52 | 93 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **1** | 10 | 9 | 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 9 | 19 |
| **2** | 5 | 11 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 5 | 11 | 16 |
| **3** | 7 | 8 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 8 | 15 |
| **4** | 11 | 14 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 11 | 14 | 25 |
| **5** | 11 | 19 | 30 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 11 | 19 | 30 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **6** | 12 | 9 | 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 12 | 9 | 21 |
| **7** | 11 | 12 | 23 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 11 | 12 | 23 |
| ആകെ | 67 | 82 | 149 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 67 | 82 | **149** |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **1** | 10 | 9 | 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **2** | 5 | 11 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **3** | 7 | 8 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **4** | 11 | 14 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **5** | 11 | 19 | 30 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **6** | 12 | 9 | 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **7** | 11 | 12 | 23 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 67 | 82 | 149 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| STANDARD | ARABI | | | URDU | | | KONKINI | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on August 25, 2025, 12:16 pm

# അക്കാദമിക മാസ്റ്റർ പ്ലാൻ

പ്രീപ്രൈമറി - എ

# പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ജി.യു.പി.എസ് വടക്കുംകര.

അധ്യാപികയുടെ പേര് : ധന്യ ഭാസ്കരൻ.ടി.

പ്രീപ്രൈമറി A യിലെ കുട്ടികളുടെ എണ്ണം : 16

പ്രത്യേക പരിഗണന ആവശ്യമുള്ളവർ : 0

| | | |
|---|---|---|
| SC | : 3 + 1 | = 4 |
| OBC | : 5 + 3 | = 8 |
| Forward caste | : 3 + 0 | = 3 |
| castless | : 0 + 1 | = 1 |
| TOTAL | : 11 + 5 | = 16 |

## കുട്ടികളുടെ പേരുകൾ

1. ആരവ് കൃഷ്ണ. ടി. വി.
2. അബ്നെർ പെരേര.
3. ആഥർവ്. സി. എസ്
4. ആൽവിൻ ജെയ്സൺ ന്യൂറന്സ്
5. ക്രിസ്റ്റി ഡേവിഡ്
6. ദക്ഷ്. കെ. മൻ
7. റഫിയാൻ ജിയോ.
8. ജോൺ ക്രിസ് ജെയ്സൺ
9. ജോനാഥ് ജോബി.
10. പാർത്ഥിവ്. സി. എസ്.
11. ശിവതേജസ് ശരത്ത്.
12. ലക്ഷ്മിനന്ദ. പി. കെ.
13. ജാൻ നയോമി സിയാദ്.
14. ധ്രുവാനിക. കെ. വി.
15. ധ്രുവനന്ദ രാജീവ്
16. അൻവിക. ഇ. എസ്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ : ഇല്ല.

അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

തീമുകളിലൂടെ ആശയാവതരണത്തിനും
വികസനവും.

ശ്രീലൈമറി - എ.

# പ്രീസ്കൂൾ തീമുകൾ

| | | |
|---|---|---|
| 1 | കുടുംബം | |
| 2 | വീടും പരിസരവും | ജൂൺ |
| 3 | ഞാനും എന്റെ ശരീരവും - ശുചിത്വം | |
| 4 | മഴയും കാലാവസ്ഥയും | |
| 5 | സസ്യങ്ങൾ, പഴങ്ങൾ | ജൂലൈ |
| 6 | ആഹാരം | |
| 7 | ആഘോഷങ്ങൾ - സ്വാതന്ത്ര്യദിനം | |
| 8 | ആരോഗ്യം, രോഗങ്ങൾ, ആശുപത്രി. | ആഗസ്റ്റ് |
| 9 | പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ | |
| 10 | ഓണം, റംസാൻ | സെപ്റ്റംബർ |
| 11 | പച്ചക്കറികൾ | |
| 12 | ഗാന്ധിജയന്തി | |
| 13 | ജീവികൾ വളർത്തുജീവികൾ, വളർത്തുപക്ഷികൾ | |
| 14 | വന്യജീവികൾ | ഒക്ടോബർ |
| 15 | മണ്ണ്, കൃഷി. | |
| 16 | തൊഴിൽ | |
| 17 | ശിശുദിനം | നവംബർ |
| 18 | പക്ഷികൾ | |
| 19 | പ്രാണികൾ, ഇഴജന്തുക്കൾ | |
| 20 | വസ്ത്രം. | ഡിസംബർ |
| 21 | ക്രിസ്മസ് | |
| 22 | വാഹനങ്ങൾ | |
| 23 | എന്റെ ഗ്രാമം | |
| 24 | പൊതുസ്ഥാപനങ്ങൾ. | ജനുവരി. |

| | പ്രീസ്കൂൾ തീമുകൾ | |
|---|---|---|
| 25 | കളികൾ, പ്രാദേശിക ഉത്സവങ്ങൾ | |
| 26 | ആഘോഷം | ഫെബ്രുവരി. |
| 27 | കളികൾ വിനോദങ്ങൾ | |
| 28 | വാർത്താ വിനിമയ മാധ്യമങ്ങൾ<br>(റേഡിയോ, ടിവി, ഫോൺ, പത്രം. | |
| 29 | വെള്ളം, പുഴ, കടൽ | മാർച്ച്. |
| 30 | കാട്, മരങ്ങൾ. | |
| | | |

തീം:- കുടുംബവും
വീടും പരിസരവും.

ക്ലാസ്:- മൂന്ന്.

പ്രവർത്തന ലക്ഷ്യങ്ങൾ

ശിശുവികാസം എന്നത് നിരവധി ഘടകങ്ങളിൽ നടക്കുന്ന സങ്കീർണ്ണമായ മാറ്റങ്ങളുടെ സംയോജിത ഫലമാണ്.

* ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് അനുഭവങ്ങൾ പറയുവാൻ കഴിയുന്നു.

* കളികളിലും നിർമ്മാണ പ്രവർത്തനങ്ങളിലും മറ്റ് പ്രവർത്തനങ്ങളിലും ഒറ്റയ്ക്കും സംഘമായും മുതിർന്നവരോട് ചേർന്ന് സഹകരണ മനോഭാവത്തോടെയും പ്രവർത്തിക്കുവാൻ കഴിയുന്നു.

* ചിത്രങ്ങളിൽ ക്രയോൺ, സ്കെച്ച് പെൻ എന്നിവ ഉപയോഗിച്ച് നിറം നൽകുന്നു.

* കുടുംബാംഗങ്ങളുടെ മുഖം അഭിനയത്തിലൂടെ വരക്കാൻ കഴിയുന്നു നിരീക്ഷണങ്ങളും ദൃശ്യങ്ങളും

* അച്ഛനും അമ്മയും, മുത്തച്ഛൻ, മുത്തശ്ശി എന്നിവർ ചേർന്ന് ഒന്നിച്ച് താമസിക്കുന്ന ഇടമാണ് വീട്.

തീം :- ഞാനും എന്റെ ശരീരവും
ഭക്ഷണവും ആരോഗ്യവും
സസ്യങ്ങൾ, പഴങ്ങൾ.

മാസം :- ജൂലൈ.

## പ്രവർത്തന പ്രക്രിയകൾ

* ആരോഗ്യപാട്ടുകൾ, ശുചിത്വവുമായി ബന്ധപ്പെട്ട കൈകഴുകൽ, ശരിയായ രീതിയിൽ ഭക്ഷണം കഴിക്കൽ പല്ല് തേയ്ക്കൽ, കുളി, മുടിചീകൽ, നഖം മുറിക്കൽ
* ഡോക്ടറിന്റെ പരിശോധന.
* പരിസര ശുചിത്വം (ക്ലാസ്സിൽ ശരിയായി ഇരിക്കൽ, കളിപ്പാട്ടങ്ങൾ യഥാസ്ഥാനത്ത് വയ്ക്കൽ
* കളിവണ്ടി നിർമ്മാണം.
* മഴപാട്ട് പാടൽ
* പഴങ്ങളുമായി ബന്ധപ്പെട്ട് Fruits day സംഘടിപ്പിക്കുന്നു.
* പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി സസ്യങ്ങളുടെ ഭാഗങ്ങൾ, പഴങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.

തീം: ആഹാരം

ആഹാരശീലങ്ങൾ - ആരോഗ്യത്തിന്.
ആരോഗ്യം, ശീലങ്ങൾ, ആഹാരപ്പട്ടിക.

വിഷയം: ആരോഗ്യം

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആഹാരവസ്തുക്കളിൽ പോഷകങ്ങളുടെ വിവിധതരം പട്ടികകൾ ശേഖരിച്ച് അവതരിപ്പിക്കുന്നു.
* ആഹാരങ്ങളിലെ വിവിധതരം രുചിഭേദങ്ങളെ കുറിച്ച് പറയുവാൻ കഴിയുന്നു.
* ആരോഗ്യശീലങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു. (ക്രയോൺസ്, വാട്ടർ കളർ)
* ആരോഗ്യ - ശുചിത്വ ശീലങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു.
* ആഹാരപ്പട്ടിക ശേഖരിച്ച് ബോർഡ്, ചാർട്ട്, ഷീറ്റ് എന്നിവയിൽ തയ്യാറാക്കുന്നു.

ആശയം :- പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ
ഓണം, നാടൻ
പച്ചക്കറികൾ.

മാസം: സെപ്റ്റംബർ

പ്രവർത്തന ലക്ഷ്യങ്ങൾ

* തന്റെ ചുറ്റുപാടുകളും വീട്ടിൽ വളർത്തുന്നതുമായ ചെടികൾ പൂക്കൾ എന്നിവയുടെ സവിശേഷതകൾ പറയുന്നു.
* പൂക്കളെക്കുറിച്ചും. ശലഭങ്ങളെ കുറിച്ചുള്ള കുട്ടിപ്പാട്ട്
* പൂക്കൾ, ശലഭങ്ങൾ, ചെടികൾ തുടങ്ങിയവയ്ക്ക് നിറം നൽകൽ
* നിർമ്മാണപ്രവർത്തനങ്ങൾ
* ഓണവുമായി ബന്ധപ്പെട്ട് ചർച്ചകൾ
(വാമനൻ, മഹാബലി)

തീം :- ഗാന്ധിജയന്തി

ജീവികൾ വളർത്തുജീവികൾ, വളർത്തു പക്ഷികൾ

വന്യജീവികൾ

മണ്ണ്. കൃഷി.

മാസം :- ഒക്ടോബർ

പ്രവർത്തന ലക്ഷ്യങ്ങൾ

* ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു.
* ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥകൾ / പാട്ടുകൾ
* ഭാവം ഉൾക്കൊണ്ട് മൃഗങ്ങൾ, പക്ഷികൾ, എന്നിവയുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ, സംഭവങ്ങൾ എന്നിവ അവതരിപ്പിക്കുവാൻ കഴിയുന്നു.
* ചിത്രങ്ങൾ നിരീക്ഷിച്ച് കഥ മെനഞ്ഞ് പറയാൻ കഴിയുന്നു.
* വീട്ടുമൃഗങ്ങൾ, കാട്ടിലെ മൃഗങ്ങൾ, വീട്ടുപക്ഷികൾ കാട്ടുപക്ഷികൾ എന്നിവയെ തിരിച്ചറിഞ്ഞ് സവിശേഷതകൾ പറയുവാൻ കഴിയുന്നു.
* തൂവലുകൾ, ഇലകൾ എന്നിവയുടെ ശേഖരം.
* കൃഷിയുമായി ബന്ധപ്പെട്ട കൃഷിപ്പാട്ട്, കടങ്കഥകൾ
* വിത്ത് ശേഖരണം.

തീം :- തൊഴിൽ
ശിശുദിനം
പക്ഷികൾ

മാസം :- നവംബർ

## പ്രവർത്തന ലക്ഷ്യങ്ങൾ

* ചുറ്റുപാടുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.
* ഒറിഗാമി
* തൊഴിലുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിച്ച് ആൽബം നിർമ്മിക്കൽ
* ശിശുദിനവുമായി ബന്ധപ്പെട്ട കുട്ടിപ്പാട്ടുകൾ
* ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു.
* പക്ഷികളെ കുറിച്ചുള്ള സ്വന്തം നിരീക്ഷണങ്ങൾ പറയാൻ കഴിയുന്നു.
* ഗ്രാഫ് നിർമ്മാണം.
* ചിത്രങ്ങൾ നിരീക്ഷിച്ച് ഊഹിച്ച് കഥ പറയൽ

തീം: പ്രാണികൾ, ഷഡ്പദങ്ങൾ
വസ്ത്രം, ക്രിസ്മസ്.

മാസം: ഡിസംബർ

പ്രവർത്തന ലക്ഷ്യങ്ങൾ

* ഷഡ്പദങ്ങളുടെയും പ്രാണികളുടെയും വാസസ്ഥലങ്ങൾ തിരിച്ചറിയുന്നതിനും സവിശേഷതകളെ കുറിച്ച് പറയുന്നതിനും.
* കൂട്ടത്തിൽ പെടാത്തവയെ കണ്ടെത്തുന്നു.
* നിറം, ആകൃതി, വലുപ്പം, നീളം ആദി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു.
* അലങ്കാരത്തിനുള്ള പദാർത്ഥങ്ങൾ (ചുവട്, കമ്പ്, [illegible], സ്പൂൺ, ചരട്) ഉപയോഗിച്ച് തൊപ്പികൾ ഉണ്ടാക്കുന്നു. തോരണം ചെയ്യുന്നു.
* ക്രിസ്മസുമായി ബന്ധപ്പെട്ട പാട്ട് കേൾക്കുവാനും ഇഷ്ടപ്പെട്ടവ അവതരിപ്പിക്കാനും കഴിയുന്നു.

തീം :- വാഹനങ്ങൾ
എന്റെ ഗ്രാമം
പൊതുസ്ഥാപനങ്ങൾ

മാസം :- ജനുവരി.

പ്രവർത്തന ലക്ഷ്യങ്ങൾ

* നിർമ്മാണ പ്രവർത്തനങ്ങൾ
* വാഹനങ്ങളുടെ വിവിധ ഭാഗങ്ങളെ ശരീരഭാഷയിൽ പറയാൻ കഴിയുന്നു.
* ക്രയോണുകൾ, വാട്ടർ കളർ എന്നിവ പ്രയോജനപ്പെടുത്തി ഗ്രാമത്തിന് നിറം നൽകൽ
* യാത്രാ അനുഭവം പറയൽ
* സാധ്യത പ്രയോജനപ്പെടുത്തി.

പൊതുസ്ഥാപനങ്ങളെക്കുറിച്ച് അറിയുന്നതിന് പത്രവാർത്ത സഹായിക്കുന്നു. ( പോസ്റ്റോഫീസ് പോലീസ് സ്റ്റേഷൻ)

തീം :- കലകൾ, പ്രാദേശിക ഉത്സവങ്ങൾ
ആകാശം
കളികൾ, വിനോദങ്ങൾ

മാസം :- ഫെബ്രുവരി

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഉത്സവങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ
* ഉത്സവങ്ങൾ, കലാരൂപങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രപുസ്തകങ്ങൾ വായിച്ചുകേൾക്കുന്നതിനുള്ള അവസരമൊരുക്കുന്നു.
* ലഘുചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.
* കലാരൂപങ്ങൾ, ഉത്സവങ്ങൾ → ആൽബം നിർമ്മാണം
* ആകാശ കാഴ്ചകൾക്ക് നിറം നൽകൽ
* കളിപ്പാട്ട നിർമ്മാണം

വിഭവം:- വാർത്താ വിനിമയ മാധ്യമങ്ങൾ
(പത്രം, റേഡിയോ, ടിവി, ഫോൺ)
വെള്ളം, പുഴ, കടൽ
കാട്, മരങ്ങൾ

മാസം:- മാർച്ച്.

## പ്രവർത്തന ലക്ഷ്യങ്ങൾ

* വാർത്താ മാധ്യമങ്ങളുടെ സഹായത്തോടെ (പ്രിത്തങ്ങൾ) വിശേഷങ്ങൾ അവതരിപ്പിക്കുന്നു
* മരം/കാട് എന്നിവയെക്കുറിച്ച് പറയുന്നവർ
* ജീവജാലങ്ങളുടെ സംരക്ഷണം.
* നിറം, ആകൃതി, വലുപ്പം, നീളം, ഭാരം. തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് വസ്തുക്കളെ തരം തിരിക്കൽ

# ACADEMIC MASTER-PLAN PRE-PRIMARY

Scanned with OKEN Scanner

# GUPS
# വടക്കുംകര

Scanned with OKEN Scanner

ໜັກູວສພນ່

ເປີດດເເປອກກ

2025-26

# പ്രവേശനോത്സവം - 2025-26.

വടക്കുംകര ഗവ: UP സ്കൂളിൽ വർണ്ണാഭമായ പ്രവേശനോത്സവം നടന്നു. PTA പ്രസി: ശ്രീ M.A. രാധാകൃഷ്ണൻ സാർ അദ്ധ്യക്ഷത വഹിച്ചു. പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസി: ശ്രീ K.S. തമ്പി സാർ യോഗം ഉദ്ഘാടനം ചെയ്തു. മുൻ പ്രധാന അദ്ധ്യാപകൻ ശ്രീ സജീവൻ മാഷ് മുഖ്യാതിഥിയായിരുന്നു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസി: ശ്രീമതി കവിത സുരേഷ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷീല ജോർജ് എന്നിവർ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു.

സ്കൂൾ ബാൻഡ് സെറ്റിന്റെ അകമ്പടിയോടെ നവാഗതർ വിദ്യാലയത്തിലേക്ക് പ്രവേശിച്ചു. ശ്രീ തമ്പി സാർ പ്രീപ്രൈമറി കുട്ടികൾക്കുള്ള, അവരുടെ ഫോട്ടോ പതിച്ച കലണ്ടർ, സ്റ്റിക്ക് ബലൂൺ എന്നിവ നൽകി സ്വീകരിച്ചു. വിദ്യാലയത്തിന്റെയും, വിദ്യാർത്ഥികളുടെയും സുരക്ഷയ്ക്ക് വേണ്ട കാര്യങ്ങൾ കാട്ടൂർ സ്റ്റേഷനിലെ S.I. ശ്രീ ഫ്രാൻസിസ് സാർ സംസാരിച്ചു. വാർഡ് മെമ്പർ ജൂലി ജോയ്, SMC ചെയർമാൻ ശ്രീ P.K. ഷാജു, MPTA പ്രസി: ശ്രീമതി ഷൈന രമേഷ്, സീനിയർ ടീച്ചർ മേരി ഡിസിൽവ എന്നിവർ ആശംസകളേകി സംസാരിച്ചു.

SRG കൺവീനർ ജസ്റ്റീന ടീച്ചർ നന്ദി പറഞ്ഞതോടെ യോഗം അവസാനിപ്പിക്കുകയും അവർ ആയിരുന്ന ക്ലാസ്സിൽ നിന്നും അടുത്ത ക്ലാസ്സിലേക്ക് കുട്ടികളെ ടീച്ചർമാർ കൂട്ടിക്കൊണ്ട് പോയി. നവാഗതരായി വന്ന കുഞ്ഞുമക്കളെ പ്രീപ്രൈമറി A യിലേക്കും, അവിടെ ഉണ്ടായിരുന്നവരെ പ്രീപ്രൈമറി B യിലേക്കും ടീച്ചർ കൂട്ടിക്കൊണ്ട് പോയി. കുട്ടികൾക്ക് മധുരം നൽകുകയും, മധുരവിതരണം നടത്തുകയും ചെയ്തു.

നന്ദി, നമസ്കാരം.

Scanned with OKEN Scanner

# പ്രിപ്രൈമറി B - കുട്ടികൾ, Ph: നമ്പർ

| | | |
|---|---|---|
| 1. | ആദർശ് ഷിബു. | 9061659512 |
| 2. | ആദിത്യൻ. K.R. | 9605042614 |
| 3. | ആയുഷ്. E.B. | 9656013349 |
| 4. | ദേവർഷ്. K.N. | 9074900325 |
| 5. | ധ്രുവാൻഷ്. V.S. | 9449939353 |
| 6. | ധ്രുവിക്കൃഷ്ണ. K.V. | 7034950167 |
| 7. | ഗൗതം സിദ്ധാർത്ഥ് | 6235066175 |
| 8. | ഹെവിൻ ഫ്രാൻസിസ് | 7510714752 |
| 9. | ലിയാൻ. C.J. | 9746961100 |
| 10. | നിരവ് കൃഷ്ണ. C.U. | 9846341198 |
| 11. | നിരഞ്ജൻ ജയൻ | 9544662345 |
| 12 | സഞ്ജു സച്ചിൻ | 8943537397 |
| 13 | ഉജ്ജ്വൽ കൃഷ്ണ. K.R. | 8086594905 |
| 14 | വസുദേവ്. P.S. | 6238023005 |
| 15 | ശിവദേവ . P.S. | 8589877346 |
| 16 | അശ്വിനി. A | 9747400325 |
| 17 | ബിതെൽ റാഹുൽ | 9778359588 |
| 18 | മീനാക്ഷി. P.S. | 9847933290 |
| 19. | ഷഹ്റിൻ. M.S. | 9746860753 |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യം വയ്ക്കുന്ന മേഖല:-

## ആമുഖം:-

ശൈശവത്തെ സവിശേഷമായൊരു ജീവിതാവസ്ഥയായാണ് നോക്കിക്കാണേണ്ടത്. ദ്രുതഗതിയിലുള്ള മസ്തിഷ്ക വികാസവും, ശാരീരിക വളർച്ചയും നടക്കുന്ന കാലമാണിത്.

ഈ കാലഘട്ടത്തിലെ ശിശു പരിചരണവും, പരിരക്ഷയും, വിദ്യാഭ്യാസവും ഏറെ ഗൗരവത്തോടെ നടപ്പിലാക്കണം. സർഗാത്മകവും, ചടുലവും, പരിസരബന്ധിതവും, ജീവിതഗന്ധിയുമായ ഒരു പ്രവർത്തന പരിപാടിയാണിത്. മാറിവരുന്ന സമൂഹത്തിന്റെ ആവശ്യങ്ങളുമായും, കുട്ടികളുടെ വികാസവുമായും ബന്ധപ്പെട്ട ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതാവണം ശിശു-പരിചരണ വിദ്യാഭ്യാസ പദ്ധതി.

Scanned with OKEN Scanner

വിദ്യാലയത്തിന്റെ പേര്. GUPS വടക്കുംകര.

അധ്യാപികയുടെ പേര് : ശ്രീതു. വി.കെ.

പ്രൈമറി Bയിലെ കുട്ടികളുടെ എണ്ണം: 19.

ആൺകുട്ടികൾ : 14.

പെൺകുട്ടികൾ : 05.

ആകെ കുട്ടികൾ : 19

SC : 8+0=8.

OBC : 6+5=11

Total = 14+5=19.

APL : 06+02=08.

BPL : 07+04 = 11

## അധ്യാപികമാരെ കുറിച്ചുള്ള വിവരങ്ങൾ :-

1. ശ്രീജ. വി.ഒ.കെ.
പ്രീ-പ്രൈമറി ടീച്ചർ
വെളുത്തുടാൻ വീട്
P.O. ആറാട്ടുപുഴ.

2. ധന്യ ഭാസ്കർ. ടി.
പ്രീപ്രൈമറി ടീച്ചർ
തുരുത്തി - വീട്
P.O. മതിലകം.

3. സ്മിത. പി. എൻ.
ആയ.
കരിമ്പനക്കൽ വീട്
P.O. അരിപ്പാലം.

Scanned with OKEN Scanner

## നമ്മുടെ വിദ്യാലയത്തിന്റെ ശക്തി:-

നമ്മുടെ വിദ്യാലയത്തിന്റെ ശക്തിയെന്ന് പറയുന്നത്, അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന മേലധികാരി ഉൾപ്പെടുന്ന അധ്യാപക-രക്ഷാകർതൃ സംഘടനയാണ്. SMC, PTA, MPTA, പൂർവ്വ വിദ്യാർത്ഥികൾ മറ്റ് അഭ്യുദയകാംക്ഷികൾ ഇവരെല്ലാം സ്കൂളിന്റെ ഉയർച്ചയിൽ വലിയൊരു പങ്കു വഹിക്കുന്നു. PTA യുടെ സംഭാവനകൾ എടുത്തു പറയേണ്ട ഒന്നാണ് മോഡൽ പ്രീ പ്രൈമറി.

നമ്മുടെ സ്കൂളിനോടനുബന്ധിച്ച് നടക്കുന്ന പ്രീ പ്രൈമറി ക്ലാസുകളിലേക്ക് PTA പ്രസിഡന്റിന്റെയും മറ്റംഗങ്ങളുടെയും, അധ്യാപകരുടെയും ഒരു പാട് സഹായങ്ങളും സഹകരണങ്ങളും ഉണ്ടായിട്ടുണ്ട്. നമ്മുടെ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായി പ്രീ പ്രൈമറി നിലനിൽക്കുന്നു.

ശാസ്ത്രീയമായ പ്രീസ്കൂളിലേക്ക് സംവിധാനം ഒരുക്കി, അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വർണ്ണക്കൂടാരം ഒരുക്കിയിരുന്നു. വർണ്ണക്കൂടാരം പ്രാബല്യത്തിൽ വന്നതോടുകൂടി പ്രീ പ്രൈമറിയുടെ മുഖച്ഛായ തന്നെ മാറി. അതോടൊപ്പം നമ്മുടെ പ്രീസ്കൂളുകളും അന്താരാഷ്ട്ര നിലവാരത്തിലെത്തും എന്നത് ഉറപ്പായ കാര്യമാണ്.

Scanned with OKEN Scanner

## പ്രീപ്രൈമറി ശാക്തീകരണവുമായി അധ്യാപിക പരിശീലനങ്ങൾ ലഭിച്ചത്:-

1. 2014. പാഠ്യപദ്ധതി നിലവിൽ വന്നു.
   (കളിയാണ് രീതി സ്നേഹമാണ് ഭാഷ)
2. 2015. കളിപ്പാട്ടം - കളിത്തോണി.
3. 2016. തീം ആസൂത്രണം.
4. 2017. താലോലം (പ്രവർത്തന മൂലകൾ)
5. 2018. ഓൺലൈൻ അധ്യാപിക ശാക്തീകരണം
6. 2019. മോഡൽ പ്രീപ്രൈമറി നിർമ്മാണം.
7. 2020. താലോലം പുനർപ്രവർത്തനം.
8. 2021. വർണ്ണക്കൂടാരം (10 ലക്ഷം)
9. 2022. ഉത്സവങ്ങൾ. (കളിയുത്സവം, കലോത്സവം, വരയുത്സവം, പഠനോത്സവം, പാട്ടുത്സവം)
10. 2023. അധ്യാപിക - ആയ പരിശീലനം
11. 2024. അധ്യാപിക - ആയ പരിശീലനം.
12. 2025. ഗണിതോത്സവം - ശാസ്ത്രോത്സവം.
    വർണ്ണക്കൂടാരം റസിഡൻഷ്യൽ പരിശീലനം.

Scanned with OKEN Scanner

ക്ലാസ്മുറികളിലെ സാമഗ്രികൾ:-

1. ആകർഷകമായ ക്ലാസ്മുറികൾ.
2. ഗ്രീൻ ബോർഡ്.
3. മാഗ്നറ്റിക് ബോർഡ്.
4. അലമാര.
5. റാക്ക്.
6. ഫർണിച്ചർ
7. മേശ
8. കസേര
9. ബെഞ്ച്.
10. ഡസ്ക്.
11. വിട്ടുകൾ.
12. ചെണ്ടുകൾ.
13. ബിൽഡിംഗ് ബ്ലോക്സ്
14. ക്ലോത്ത് ബോർഡ്.
15. അക്ഷരപാത്രം.
16. വെജിറ്റബിൾസ്
17. മൃഗങ്ങളുടെ മാസ്ക്
18. ചിത്രകഥകൾ.
19. മുത്തുമണികൾ
20. വാഹനങ്ങളുടെ ചിത്രങ്ങൾ.
21. മൃഗങ്ങളുടെ ചിത്രങ്ങൾ
22. കുടുംബത്തിലെ ചിത്രങ്ങൾ
23. അലങ്കാര ചിത്രങ്ങൾ
24. ആനയുടെ കട്ബോർഡിൽ ലൈബ്രറി
25. ജിറാഫ് – ഭാഷായിടം
26. അരങ്ങിടത്തിലെ അലമാരയിൽ അലങ്കാര വസ്തുക്കൾ.
27. വയലിൻ – സംഗീത ഇടത്തിൽ സംഗീത സാമഗ്രികൾ
28. നിർമ്മാണ ഇടത്തിൽ – നിർമ്മിച്ച സാധനങ്ങൾ
29. ടി.വി. 2 എണ്ണം
30. സ്പീക്കർ
31. മാപ്
32. പ്രൊജക്ടർ
33. പെൻഡ്രൈവ്

Scanned with OKEN Scanner

| S.NO. | അക്കാദമിക പ്രവർത്തനങ്ങൾ | ഉദ്ദേശ്യങ്ങൾ. | ഭൗതിക സാഹചര്യങ്ങൾ. | പ്രവർത്തന സൂചകങ്ങൾ. | പ്രതീക്ഷിത ചെലവ്. | ചുമതല. | കാലയളവ് | മോണിറ്ററിങ്. |
|---|---|---|---|---|---|---|---|---|
| 1. | അമ്മ മലയാളം | കഥകളും, പാട്ടുകളും ശില്പശാല. രക്ഷിതാക്കൾക്ക് മനസ്സിലാക്കാൻ | ശിശുസൗഹൃദ ലൈബ്രറി, ഓഡിയോ, ആനിമേഷൻ, (പ്രവർത്തനയിടം (ഭാഷായിടം) | ശില്പശാല നടത്താനുള്ള സ്ഥലം. സമയം. അലങ്കാരങ്ങൾ ഉത്പന്നങ്ങൾ. | 500/- | PTA | 1 മാസം | H.M. സീനിയർ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി (അനധ്യാപകർ) |
| 2. | പാട്ടരങ്ങ്. | രസകരവും താളാത്മകവുമായ പാട്ടുകൾ പാടുന്നതിനും, അവതരിപ്പിക്കുന്നതിനും കഴിയുന്നു. | കുട്ടികൾക്ക് ഉപയോഗപ്പെടുന്നത്. ലൈബ്രറി, ഓഡിയോ, ആനിമേഷൻ. | സ്ഥലം കണ്ടെത്തുക. സമയം കണ്ടെത്തുക. അലങ്കാരങ്ങൾ കണ്ടെത്തുക. മൈക്ക്, മറ്റ് വാദ്യസാധനങ്ങൾ കണ്ടെത്തുക | 500/- | PTA. | 1 മാസം. | H.M. സീനിയർ ടീച്ചർ. സ്റ്റാഫ് സെക്രട്ടറി. |
| 3. | കലോത്സവം. (കുട്ടിയുത്സവം) | ആഹ്ലാദകരമായ അന്തരീക്ഷം സൃഷ്ടിച്ച്, ശേഷി വികാസത്തിനുതകുന്ന [illegible] ആനന്ദം ഉണ്ടാക്കുന്നു | ഉത്സവങ്ങൾ നടത്താനുള്ള വേദി, അലങ്കാരങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ. | ഉത്സവം നടത്താനുള്ള സ്ഥലം, സമയം ഉത്പന്നങ്ങൾ എന്നിവ നടപ്പാക്കൽ. | 1000/- | PTA | 1 മാസം | H.M, സീനിയർ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി. |

Scanned with OKEN Scanner

| | പ്രവർത്തനങ്ങൾ | | സാഹചര്യങ്ങൾ. | സൂചകങ്ങൾ. | ചെലവ് | | ഉവ്. | |
|---|---|---|---|---|---|---|---|---|
| 4. | നിർമ്മാണ ശില്പ-ശാലയും, പ്രദർശനവും | വിവിധതരം നിർമ്മിതികളിലൂടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കാൻ അവസരം ലഭിക്കുന്നു. അതിലൂടെ ഭൗതിക സാഹചര്യ നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ സജ്ജീകരിക്കുന്നു. | നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ വസ്തുക്കൾ സജ്ജീകരിക്കുന്നു | നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്ഥലം, സമയം, ഉദ്ഘാടകൻ ഇവ തീരുമാനിക്കുന്നു. | 1000/- | PTA | 1മാസം | H.M. സീനിയർ ടീച്ചർ സ്റ്റാഫ് സെക്രട്ടറി (ഓരാൾ). |
| 5. | ഹരിതവിട നിർമ്മാണം. | പ്രകൃതിയെ സ്നേഹിക്കുന്നതിനും, പ്രകൃതിയിലെ വസ്തുക്കളെ സംരക്ഷിക്കുന്നതിനും അവസരം ലഭിക്കുന്നു. | പൂന്തോട്ടം/ പച്ചക്കറികൾ നടുന്നതിനാവശ്യമായ ചട്ടികൾ, വിത്തുകൾ, ചെടികൾ ശേഖരിക്കുന്നു | ഹരിതവിടം നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നു. ആവശ്യമായ വസ്തുക്കൾ ശേഖരിക്കുന്നു. | 1000/- | PTA | 1മാസം | H.M., സീനിയർ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി. |

Scanned with OKEN Scanner

| No. | പ്രവർത്തനങ്ങൾ | | ...ചര്യങ്ങൾ | സൂചകങ്ങൾ | ചെലവ് | | | ...ട് |
|---|---|---|---|---|---|---|---|---|
| 6. | കളിപ്പാട്ട നിർമ്മാണ ശില്പശാല. | | | | 500 | PTA | 1 മാസം | H.M., സീനിയർ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി |
| 7. | കായികോത്സവം. | | | | 500 | PTA | 1 മാസം | H.M., സ്റ്റാഫ് സെക്രട്ടറി, സീനിയർ ടീച്ചർ |
| 8. | ഗണിതോത്സവം | | | | 500 | PTA | 1 മാസം | H.M., സീനിയർ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി |

Scanned with OKEN Scanner

| No. | പ്രവർത്തനങ്ങൾ | [illegible] | [illegible]ങ്ങൾ | സൂചകങ്ങൾ. | [illegible] ചെലവ് | [illegible] | [illegible]വ് | [illegible] |
|---|---|---|---|---|---|---|---|---|
| 9. | വായനോത്സവം | | | | 1000 | PTA. | 1മാസം | H-M, സ്റ്റാഫ് സെക്രട്ടറി, സീനിയർ ടീച്ചർ. |
| 10 | ശാസ്ത്രോത്സവം | | | | 1000 | PTA | 1മാസം | H·M, സ്റ്റാഫ് സെക്രട്ടറി, സീനിയർ ടീച്ചർ. |

Scanned with OKEN Scanner

| അക്കാദമികം. | ഭൗതികം. | സാമൂഹികം. | സാമ്പത്തികം. |
| --- | --- | --- | --- |
| 1. കുട്ടികളുടെ ശേഷിവികാസം മെച്ചപ്പെടുത്തൽ | * ശിശു സൗഹൃദ ഇരിപ്പിടങ്ങൾ. | * രക്ഷിതാക്കളുടെ പങ്കാളിത്തം. | * PTA ഫണ്ട്. |
| 2. നല്ല അനുഭവപ്രവർത്തനങ്ങൾ നൽകൽ. | * ശിശു സൗഹൃദ ടോയ്ലറ്റ് | * SRG. | * Staff ഫണ്ട്. |
| 3. ഉല്പന്നാധിഷ്ഠിതാനുഭവങ്ങൾ കുട്ടികളിൽ എത്തിക്കുക. | * ശിശുസൗഹൃദ വാഷ്ബേസിൻ | * PTA. | * SSK. " |
| 4. പ്രവർത്തന ഇടങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ. | * ശിശു സൗഹൃദ ബ്ലാക്ക്ബോർഡ് | * MPTA. | * പഞ്ചായത്ത് " |
| 5. നിർമ്മാണ പ്രവർത്തനങ്ങൾ | * കളിയിടങ്ങൾ. | * SMC. | * [illegible] ഫണ്ട്. |
| 6. ഉത്സവങ്ങൾ നടത്തൽ. | * സെൻസറി ഇടങ്ങൾ. | * SSK. | * BRC |
| 7. Strenth വർദ്ധിപ്പിക്കൽ | * ലൈബ്രറി. | * BRC. | * SMC |
| 8. ശില്പശാലകൾ സംഘടിപ്പിക്കുക | * വാഹന സൗകര്യം. | * CRC. | * MPTA |
| 9. ഇൻഡോർ / ഔട്ട്ഡോർ പ്രവർത്തനങ്ങൾ. | * ജൈവവാടി-ജൈവവേലി. | * പഞ്ചായത്ത്. | * പൂർവ്വവിദ്യാർത്ഥികൾ. |
| | * പച്ചക്കറിത്തോട്ട നിർമ്മാണം | * വിദ്യാഭ്യാസ വിദഗ്ദർ. | |
| | * പൂന്തോട്ട നിർമ്മാണം. (ഹരിതയിടം) | * പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം. | |
| | | * ഗുണഭോക്തൃ സമിതി. | |
| | | * അഭ്യുദയകാംക്ഷികൾ. | |

Scanned with OKEN Scanner

# ക്ലാസ് ലൈബ്രറിയിലെ കാര്യങ്ങൾ:

ക്ലാസ് ലൈബ്രറിയിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളുടെ ലിസ്റ്റ് :-

സമ്മാനപ്പെട്ടി ഒന്നാം സഞ്ചിക 10 എണ്ണം

സമ്മാനപ്പെട്ടി രണ്ടാം സഞ്ചിക 10 എണ്ണം

ചിത്ര കാർഡുകൾ 10 എണ്ണം

മറ്റ് കഥകാർഡുകൾ: 68 എണ്ണം

കുട്ടി ലൈബ്രേറിയൻ: ബിതൽ രാഹുൽ

ലൈബ്രറി പുസ്തകങ്ങൾ അദ്ധ്യാപികയോടൊപ്പം കുട്ടി ക്രമീകരിക്കുന്നു.

ലൈബ്രറി പുസ്തകങ്ങളുടെ പേര്, മറ്റ് കാര്യങ്ങൾ കാറ്റലോഗിൽ രേഖപ്പെടുത്തിയിരിക്കുന്നു.

Scanned with OKEN Scanner

പ്രവേശനോത്സവം

ജൂൺ 5. പരിസ്ഥിതി ദിനം
കുട്ടികൾ വീടുകളിൽ ചെടിനടലും
പരിപാലനവും.

ജൂൺ 9. കുടുംബം. പരിചയപ്പെടൽ.
നിങ്ങളുടെ വീട്ടിൽ ആരൊക്കെ?

ജൂൺ 12. പാട്ടുകൾ, കഥകൾ.

ജൂൺ 13. ക്ലാസ് P.T.A യോഗം.

ജൂൺ 16. കുട്ടിലൈബ്രറി തുടങ്ങൽ.

ജൂൺ 19. അമ്മയെ കുറിച്ച് സംസാരിക്കൽ.
"എന്റെ അമ്മ സുന്ദരി"

ജൂൺ 20. വീടും പരിസരവും.

ജൂൺ 21. കഥോത്സവം ആലോചനായോഗം.

ജൂൺ 24. കഥോത്സവം പരിപാടി
"കഥകളുടെ കെട്ടഴിയൽ"
കഥ പറയൽ, കഥ കേൾക്കൽ,
കഥ വായന എന്നിവയുടെ സന്തോഷം
വീട്ടിലും, വിദ്യാലയത്തിലും സൃഷ്ടിക്കൽ.

N.B. ജൂൺ 23 ന് സംഘാടക സമിതിയും, രക്ഷിതാക്കൾക്കുള്ള
ശില്പശാലയും നടന്നു.

ജൂലൈ 1. കലോത്സവം ഒരുക്കാം

ജൂലൈ 5. ബഷീർദിനം

കൃതികളിലൂടെ കഥാപാത്രങ്ങളെ

പുനരാവിഷ്കരിച്ചു

സ്കിറ്റ് അവതരിപ്പിച്ചു.

ജൂലൈ 7. ഞാനും എന്റെ ശരീരവും.

ശുചിത്വപ്പാട്ട്. അടുക്കിവെക്കുന്ന

വൃത്തിയാക്കുന്ന; എന്ത് വഴി പോകണം?

ജൂലൈ 14. മഴയും കാലാവസ്ഥയും.

വരയ്ക്കാം ഒട്ടിക്കാം.

കാറ്റിവരും – [illegible]... മഴ.

മഴക്കാലവും വേനൽക്കാലവും.

"കാറ്റിന്റെ കുസൃതി."

ജൂലൈ 21. സസ്യങ്ങൾ പൂക്കൾ.

ജൂലൈ 23. ഇലച്ചെടികൾ, ഇലമുളച്ചില

പച്ചിലപ്പായസം – നിറം നൽകൽ.

വരച്ച് ഭംഗിപ്പിക്കാം.

അനുഭവ പങ്കിടൽ.

Scanned with OKEN Scanner

ആഗസ്റ്റ് 4. ആഹാരത്ത
ഹിറായ് എന്ന് തച്ചി.

ആഗസ്റ്റ് 9. ഹിരോഷിമ നാഗസാക്കിദിനം
ആചരിച്ചു

ആഗസ്റ്റ് 13. പ്രീ-പ്രൈമറി കെട്ടിട ശിലാ-
സ്ഥാപനവും, ഓണാഘോഷവും
ആലോചനായോഗം

ആഗസ്റ്റ് 15. ആഘോഷങ്ങൾ.
സ്വാതന്ത്ര്യ ദിനം. വേഷവിധാന-
ങ്ങളോടുകൂടിയ വർണറാലി.

ആഗസ്റ്റ് 21 - ആരോഗ്യം, രോഗങ്ങൾ,
ആശുപത്രി.

ആഗസ്റ്റ് 25. ഓണാഘോഷവും,
ശിലാസ്ഥാപനവും
ഗംഭീരസദ്യവട്ടങ്ങളോടുകൂടിയ
ഓണസദ്യയും, ഓണക്കളികളും
നടന്നു.

Scanned with OKEN Scanner

സെപ്റ്റംബർ 5. അധ്യാപക ദിനം.
കുട്ടികൾ പൂക്കൾ കൊടുത്ത് അധ്യാപികയെ വരവേറ്റു.
വരയുത്സവത്തിന്റെ സംഘാടക രൂപീകരണ യോഗം.

സെപ്റ്റംബർ 8. പൂക്കൾ - പൂന്തോട്ടം, ശലഭങ്ങൾ.

സെപ്റ്റംബർ 19 "വരയുത്സവം".
പന്തിവരയിലൂടെ മനോഹര പിന്നാമ്പുറ ചിത്രങ്ങൾ ഒരുക്കി.

സെപ്റ്റംബർ 22. ഓണം- റംസാൻ.
ഓണവുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ, കളികൾ.
ഉപകരണങ്ങൾ തയ്യാറാക്കാം.

സെപ്റ്റംബർ 25. പച്ചക്കറികൾ.
മത്തൻതോണിയും, ചീരയും ആരാണ് കേമൻ?

Scanned with OKEN Scanner

ഒക്ടോബർ 2. ഗാന്ധി ജയന്തി.

ഗാന്ധിജയന്തിയുടെ പ്രത്യേക-
തകളെ കുറിച്ച്, ഗാന്ധിജിയെ
കുറിച്ച് കൂടുതൽ സംസാരിക്കൽ.

ഒക്ടോബർ 3. മേടികൾ ശുചിത്വമായും, പരിസ-
രവും വൃത്തിയാക്കി സൂക്ഷിക്കൽ.

ഒക്ടോബർ 6. ജീവികൾ, വളർത്തുമൃഗങ്ങൾ,
വളർത്തു പക്ഷികൾ.

ഒക്ടോബർ 13. വന്യജീവികൾ.
ഭാഗങ്ങൾ യോജിപ്പിക്കൽ.
ജിഗ്സോ പസിൽ.

ഒക്ടോബർ 22. മണ്ണ്, കൃഷി.
മണ്ണിലെ കൂട്ടുകാർ
നമുക്കും കൃഷിചെയ്യാം
ചിത്രങ്ങൾ നിരീക്ഷിച്ച്
കഥ രചിച്ച് പറയാം.

Scanned with OKEN Scanner

നവംബർ 3. തൊഴിൽ.

തൊഴിലിടമേത്?

നവംബർ 10. അടുക്കളയിലെ സഹായികൾ.

നവംബർ 13. ശിശുദിന ആലോചന.

നവംബർ 14. ശിശുദിനം.

കുട്ടികൾ ശിശുദിന റാലി നടത്തി.

(വേഷവിധാനത്തോടെ)

കിഡ്സ് ഫെസ്റ്റ് നടത്തി

നവംബർ 17. തോരണം പൂർത്തിയാക്കി

അലങ്കരിക്കുന്നു. ടീച്ചർ

വെട്ടിക്കൊടുത്ത കടലാസുകൾ

ഭംഗിയായി അലങ്കരിക്കൽ.

നവംബർ 24. പട്ടങ്ങൾ.

നിർമ്മിക്കാം, രസിക്കാം.

പേപ്പർ വച്ച് വെട്ടി-

ക്കൊടുത്ത്, ടീച്ചറും കുട്ടികളും

നിർമ്മാണ പ്രവർത്തനത്തിൽ

ഏർപ്പെട്ടു.

പരിസരത്തിൽ വെച്ച് കാണിച്ചു

ഡിസംബർ. 5. പോണിക്- ഉപകരണങ്ങൾ.
പോണികളെയും, ഉപകരണങ്ങ-
ളെയും ശേഖരിച്ച് പറയൽ.

ഡിസംബർ 8. മാളത്തിൽ ആര്?
പാമ്പിനേയും, പല്ലികളുടെയും
കഥ പറയൽ. വഴി കാട്ടൂ.

ഡിസംബർ 12. വസ്ത്രം.
വസ്ത്രം വരയ്ക്കാമോ?

ഡിസംബർ 22. വിട്ടുപോയത് വരച്ചുചേർക്കൂ.
വസ്ത്രത്തിന്റെ ചിത്രങ്ങൾ വരച്ച്
വിട്ട് പോയ സ്ഥലത്ത് വരച്ച്
ചേർക്കൽ.

ഡിസംബർ 24. ക്രിസ്തുമസ് ആഘോഷം.
പുൽക്കൂട് നിർമ്മിച്ചു.
തോരണങ്ങളും നക്ഷത്രങ്ങളും
അലങ്കാരങ്ങളുമായി ഉണ്ടായ
ആഘോഷവേളയിൽ, അധ്യാപക
രക്ഷിതാക്കളും, കുട്ടികളും ചുവപ്പ്
വെള്ള നിറത്തിൽ ഒരുങ്ങിവന്നു

ജനുവരി 1. പുതുവത്സര ആഘോഷം
"Happy New year."

ജനുവരി 2. (മന്നം ജയന്തി.)

ജനുവരി 3. പഠന വിനോദയാത്ര നടത്തി
എറണാകുളം - മറൈൻ ഡ്രൈവ്,
ചിൽഡ്രൻസ് പാർക്ക്, ബോട്ടിംഗ്,
വല്ലാർപാടം പള്ളി, [illegible]
എന്നിവിടങ്ങളിൽ പോയിരുന്നു.

ജനുവരി 6. വാഹനങ്ങൾ.
വിവിധ വാഹനങ്ങളെ പരിചയപ്പെടൽ.

ജനുവരി 10. എന്റെ ഗ്രാമം.
ഗ്രാമഭംഗിയെ കുറിച്ച് പറയൽ.

ജനുവരി 13. രക്ഷിതാക്കൾക്കുള്ള ശിൽപശാല.

ജനുവരി 16. സയൻസ് ഫെസ്റ്റ്.
ശാസ്ത്രപരീക്ഷണങ്ങൾ നോക്കിക്കാണൽ.

ജനുവരി 24. പൊതുസ്ഥാപനങ്ങൾ.
പൊതുസ്ഥാപനങ്ങൾ
ഏതൊക്കെ? എന്തൊക്കെ?

ജനുവരി 26. റിപ്പബ്ലിക് ഡേ.

Scanned with OKEN Scanner

ഫെബ്രുവരി 3. കലകൾ, പ്രാദേശിക ഉത്സവങ്ങൾ.

ഉത്സവങ്ങളെല്ലാം-അതിന്റെ പ്രത്യേകതകളും.

ഫെബ്രുവരി 10. ആകാശം.

ആകാശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പ്രത്യേകതകൾ.

ഫെബ്രുവരി

ഫെബ്രുവരി 19.

ഫെബ്രുവരി 2.. കളികൾ, വിനോദങ്ങൾ.

മറ്റ് ഉ[illegible]ടികൾ.

മാർച്ച്

മാർച്ച് 5. വാർത്താവിനിമയ,
മാധ്യമങ്ങൾ
റേഡിയോ, ടി.വി, ഫോൺ,
പത്രം.

മാർച്ച് 13. വെള്ളം, പുഴ, കടൽ.
ജലവുമായി ബന്ധപ്പെട്ട പദങ്ങൾ.
ജലത്തിലെ ജീവികൾ.
സഞ്ചാര രീതികൾ, ജലമാർഗ്ഗം.

മാർച്ച് 25. കാട്, മരങ്ങൾ.
മരങ്ങൾ നട്ടുവളർത്തുന്നതിന്റെ
പ്രയോജനങ്ങൾ, ആവശ്യങ്ങൾ.
കാട്ടിലെ മൃഗങ്ങൾ, വാസസ്ഥലങ്ങൾ.

Scanned with OKEN Scanner

# ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിന്റെ പേര് : ജി യു പി എസ് വടക്കുംകര

അധ്യാപികയുടെ പേര്: ജസ്റ്റീന ജോസ്

ലക്ഷ്യം വെക്കുന്ന  കുട്ടികൾ :

**1.** ആദികൃഷ്ണ എം എ
**2.** ആലിഫ് പി എഫ്
**3.** അഭയ് സി എസ്
**4.** ആദവ് കുമാർ സി പി
**5.**അനയ്നാഥ് കെ എം
**6.** അനിഘ സി ആർ
**7.** അന്ന റോസ്
**8.** അനുഷിക കെ ബി
**9.** അശ്വദേവ് പി ആർ
**10.** ധ്വനി നിജിൽ എം
**11.** ജോഷ്വാ ഡേവീസ്
**12.** നിഹാൽ ദേവ് എം കെ
**13.** രുദ്ര പ്രദോഷ്
**14.** സഹ്യാദ്ര് എ വി
**15.**സാരംഗി വി സുരാജ്
**16.**ശിവതേജ് കെ എസ്
**17.** ശിവതീർത്ഥ ശരത്
**18.** സൗപർണിക ടി എസ്
**19.** ശ്രീനന്ദ പി എസ്

പ്രത്യേക പരിഗണന അർഹിക്കുന്നവർ:

1. ആലിപഫ് പി എഫ്
2. അഭയ് സി എസ്
3. അശ്വദേവ് പി ആർ
4. സഹ്യാദ്ര് എ വി
5. ആദവ് കുമാർ സി പി

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപികയും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് ,വായന ,വിവിധ വ്യവഹാര രൂപങ്ങൾ , സ്വതന്ത്രമായ പ്രതികരണങ്ങൾ , നിർമ്മാണം, സംയുക്ത ഡയറി , സചിത്ര പുസ്തകം , സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട് .അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.വിവിധ പ്രവർത്തനങ്ങൾ വഴി കുട്ടി ശേഷികൾ സ്വായത്തം ആക്കണം എന്ന ലക്ഷ്യത്തിലൂടെ അധ്യാപികയും രക്ഷിതാവും പ്രവർത്തനങ്ങളിൽ പങ്കുചേരുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ സഹപഠിതാക്കൾ തുടങ്ങിയ എല്ലാവരും ജൂൺ മുതൽ മാർച്ച് വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കുന്നതും തുടർ വിലയിരുത്തലിന് ഉതകുന്നതുമായ പ്രവർത്തനങ്ങൾ ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

പ്രവർത്തന കലണ്ടർ

| Sl.No. | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|

| | | |
|---|---|---|
| 1 | വായനോത്സവം | ജ്ജൂൺ-മാർച്ച് |
| 2 | പാട്ടരങ്ങ് | ജ്ജൂലൈ - |
| 3 | സംയുക്ത ഡയറി | ജ്ജൂലൈ - |
| 4 | രചനോത്സവം | ഒക്ടോബർ |
| 5 | നിർമ്മാണ ശില്പശാല | സെപ്റ്റംബർ |
| 6 | കഥോത്സവം | ജ്ജൂൺ മുതൽ |
| 7 | റീഡേഴ്സ് തിയേറ്റർ | ഒക്ടോബർ മുതൽ |
| 8 | സംഖ്യാ ബോധം | ജ്ജൂൺ മുതൽ |
| 9 | സങ്കലന ബോധം | സെപ്റ്റംബർ മുതൽ |

# പ്രവർത്തന ഘട്ടങ്ങൾ

## <u>ജൂൺ</u>

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ
- ക്ലാസ് പിടിഎ കൂടുന്നു.
- രക്ഷിതാക്കളുടെ കഥ പറച്ചിൽ
- അമ്മമാർ വായിച്ച കഥകൾ ക്ലാസിൽ പറയുന്നു
- വിവിധ കളികൾ പരിചയപ്പെടുന്നു
- പ്രാഗ് ആശയങ്ങൾ പരിചയപ്പെടുന്നു.
- ഇംഗ്ലീഷിലും മലയാളത്തിലും പറയുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രതികരിക്കാനുള്ള ശേഷി നേടുന്നു.
- മഞ്ചാടി സഞ്ചി തയ്യാറാക്കുന്നു.
- പക്ഷികളുടെ ചിത്രങ്ങളുടെ ആൽബം തയ്യാറാക്കുന്നു.
- പ്രകൃതി നടത്തം
- പക്ഷി നിരീക്ഷണം

## <u>ജൂലൈ</u>

- കഥാപുസ്തകം നൽകുന്നു കുട്ടിചിത്രം നോക്കി കഥ പറയുന്നു

- അമ്മ കഥ വായിക്കുന്നു ബാക്കി കഥ സന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.

- അമ്മ ഓരോ പേജായി ചിത്ര സൂചനകൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലും വിരൽ ഓടിച്ച വായിക്കുന്നു. കുട്ടി കേൾക്കുന്നു

- രണ്ട് മൂന്നു തവണ അമ്മ വായിക്കുന്നു.

- ആശ ചോർച്ചയില്ലാതെ കുട്ടികൾ കഥ അവതരിപ്പിക്കുന്നു ആശയചോർച്ച ഉണ്ടാകാതിരിക്കാൻ അമ്മ കുട്ടിക്ക് പറഞ്ഞതിനുശേഷം ഇടപെടണം.

- ക്ലാസ് പിടിഎയിൽ കഥ അവതരണം.

- പ്രാഗ് ഗണിത ആശയങ്ങളും ഒന്നു മുതൽ അഞ്ചുവരെ വസ്തുക്കൾ എണ്ണിയെടുക്കാനും നമ്പറുകൾ ആയി ബന്ധിപ്പിക്കാനും , എഴുതാനും.

- പക്ഷികളുടെ ച്ചുവൽ ആൽബം , വാഹനങ്ങളുടെ ആൽബം , കുഞ്ഞു പുസ്തകങ്ങൾ , പരീക്ഷണ റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നു.

- മുട്ട തോട് ഉപയോഗിച്ച് നിറം കൊടുക്കൽ പ്രവർത്തനങ്ങൾ

## <u>ആഗസ്റ്റ്</u>

- കഥോത്സവം

- രക്ഷിതാവിൻറെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കെടുക്കുന്ന പ്രവർത്തനം.

